LIBRARY ARCHIVES Kerala Legislative Assembly

## 5. VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004-05 വർഷത്തെ ആനുകാലിക റിപ്പോർട്ട്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2005 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## 6. IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004 - 05 വർഷത്തെ ആനുകാലിക റിപ്പോർട്ട്

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം .വി. രാഘവൻ): സർ, തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2005 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## 7. X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004-05 വർഷത്തെ ആനുകാലിക റിപ്പോർട്ട്

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2005 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കമ്മിറ്റിയംഗമായ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

## 8. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിമൂന്നും പതിനാറും റിപ്പോർട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ്: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിമൂന്നും പതിനാലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 9. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.